"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-P1/630/2024-REV

റവന്യൂ (പിബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 26-01-2025

<u>സർക്കുലർ</u>

വിഷയം:- 1967-ലെ കേരള ഭൂ വിനിയോഗ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചവർക്ക് വകുപ്പ് 27(എ) ബാധകമാക്കുന്നത് - സംബ.

സൂചന:- 1).ബഹു.കേരള ഹൈക്കോടതിയുടെ W.A നമ്പർ 1061 /2023 & W.A നമ്പർ 992/2024 എന്നിവയിന്മേലുള്ള 12.09.2024-ലെ വിധിന്യായം.

2)ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.10.2024-ലെ LR/5954/2024-LR(A4) നം. റിപ്പോർട്ട്.

3)5.2.2002-ലെ സ.ഉ(സാധാ)നം.157/2002/AD

കേരള ഭൂ വിനിയോഗ ഉത്തരവ് പ്രകാരം ഭൂമി പരിവർത്തനം ചെയ്യുവാനോ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനോ അനുമതി ലഭിച്ചവർക്ക്, പ്രസ്തുത ഭൂമിയുടെ തരംമാറ്റത്തിനായി, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (എ) പ്രകാരമുള്ള പ്രത്യേക അനുവാദം കൂടി വേണം എന്ന് സൂചന () പ്രകാരം ബഹു.കേരള ഹൈക്കോടതി നിർദ്ദേശിച്ച സാഹചര്യത്തിൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1). 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം ഏതെങ്കിലും ഭൂമി പരിവർത്തനം ചെയ്യുവാനോ, മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാനോ അനുമതി നൽകുവാൻ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ 30.12.2017-നോ അതിനു ശേഷമോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ വിനിയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ അപ്രകാരം 30.12.2017-ന് മുമ്പ് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ടി തീയതിക്ക് ശേഷവും ടി ഉത്തരവിലെ 6(2) നിബന്ധന പ്രകാരം അനുവദനീയമായിരിക്കുന്ന അധികാരങ്ങൾ കളക്ടർക്ക് വിനിയോഗിക്കാവുന്നതാണ്.

2). വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉപയോഗക്രമം മാറ്റുന്നതിനോ, മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ എല്ലാം തന്നെ, 30.12.2017 പ്രാബല്യത്തിൽ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27 എ വകുപ്പ് പ്രകാരം മാത്രമായിരിക്കണം.

3). 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം ഏതെങ്കിലും

ഭൂമി പരിവർത്തനം ചെയ്യുവാനോ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാനോ 30.12.2017-ന് മുമ്പ് അനുമതി ലഭ്യമാകുകയും അത്തരം കേസുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ ബന്ധപ്പെട്ട ഭൂരേഖകളിൽ 30.12.2017-നോ അതിനു മുമ്പായോ വരുത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ, അത്തരം ഭൂമിയുടെ നികുതി നിർണ്ണയം (കേരള ഭൂനികുതി നിയമം വകുപ്പ് 6എ പ്രകാരം) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ട് തുടർന്ന് വകുപ്പ് 27(സി) നടപടിക്രമങ്ങൾ പ്രകാരം മാത്രമായിരിക്കണം.

4). കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം 30.12.2017-ന് മുമ്പായി അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നുവെങ്കിലും, പരാമർശം മൂന്നിലെ, 5.2.2002-ലെ. സ.ഉ.(സാധാ)നം.157/2002/AD ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച്, 30.12.2017-നോ, അതിനു ശേഷമോ മാത്രം KLU Order പ്രകാരം ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടതുമായ കേസുകളിലും, ഭൂമിയുടെ തരം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അവർക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 12(17) - ൽ അനുശാസിക്കുന്ന ഫീസിളവിന് അർഹതയുണ്ടായിരിക്കും.

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) ലാൻഡ് റവന്യൂ കമ്മീഷണർ
2) ജില്ലാ കളക്ടർമാർ
3) റവന്യൂ ഡിവിഷണൽ ഓഫീസർമാർ
4) തദ്ദേശസ്വയംഭരണ വകുപ്പ്
5) കൃഷി വകുപ്പ്
6) വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)
7) റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, ILDM , തിരുവനന്തപുരം
8) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 27-01-2025 12:47:50
സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ (പിബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്